നം. പ്ര.പ.ക /4600/2019/കീം–2020/റ്റി.എ4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# കീം പ്രവേശന പരീക്ഷ 2020

## ആശങ്ക വേണ്ട...

2020–21 വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷയായ കീം–2020 ജൂലൈ 16 ന് നടത്താൻ നിശ്ചയിച്ചിരിക്കുകയാണല്ലോ. കേരളത്തിലെ എല്ലാ ജില്ലകൾക്കും പുറമേ ഡൽഹി, മുബൈ, ദുബായ് എന്നിവിടങ്ങളിലുമായി ഏകദേശം 1,12,000 വിദ്യാർത്ഥികൾ കീം പരീക്ഷ എഴുതുന്നുണ്ട്. 2020 ഏപ്രിൽ 20, 21 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷയാണ് ജൂലൈ 16 ലേയ്ക്ക് മാറ്റി വച്ചിരിക്കുന്നത്. വർദ്ധിച്ചു വരുന്ന കേവിഡ്–19 വ്യാപനം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ ആശങ്കപ്പെ ടുത്തുന്നുണ്ട്. കണ്ടെയ്ൻമെന്റ് സോൺ, ഹോട്ട്സ് സ്പോട്ട് എന്നിവയ്ക്കു പുറമേ പല ജില്ലക ളുടെയും പല ഭാഗത്തും വ്യാപനം കണക്കിലെടുത്ത് ട്രിപ്പിൾ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിട്ടു ണ്ട്. ഇതു കൂടാതെ അന്യ സംസ്ഥാനക്കാരായ വിദ്യാർത്ഥികളും ക്വാറന്റയിനിൽ നിന്നുള്ള വിദ്യാർത്ഥികളും പരീക്ഷയെഴുതാൻ എത്തുന്നുണ്ട്. പരീക്ഷാർത്ഥികളുടേയും രക്ഷകർത്താക്ക ളുടേയും ആശങ്കകൾ ലഘൂകരിക്കാനായി താഴെ പറയുന്ന മാർഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

- പ്രവേശന പരീക്ഷ സർക്കാർ നിശ്ചയിച്ച പ്രകാരം ജൂലൈ 16 ന് തന്നെ എല്ലാ മുൻകരുത ലുകളോടു കൂടി നടത്തുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- കോവിഡ്–19ന്റെ പശ്ചാത്തലത്തിൽ പരീക്ഷയ്ക്കെത്തുന്ന കൂട്ടികൾക്ക് ആരോഗ്യവകു പ്പിന്റെ നിർദ്ദേശപ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പരീക്ഷ കേന്ദ്രത്തിൽ ഒരുക്കിയി ട്ടുണ്ട്.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികളെ പ്രവേശന കവാടത്തിൽ തന്നെ തെർമൽ സ്കാനിംഗിന് വിധേയമാക്കുകയും രോഗലക്ഷണം ഇല്ല എന്ന് ഉറപ്പാക്കുകയും ചെയ്യും. വിദ്യാർത്ഥികൾ മാസ്ക് നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്.
- അന്യസംസ്ഥാനക്കാരായ വിദ്യാർത്ഥികൾക്ക് 'ഷോർട്ട് വിസിറ്റ് പാസ്' നേടുന്നതിനായി കേരളാ സർക്കാരിന്റെ 'ഇ–ജാഗ്രതാ പോർട്ടൽ' വഴി രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്.
- പരീക്ഷയുടെ തലേ ദിവസവും പരീക്ഷ കഴിഞ്ഞതിനുശേഷവും പരീക്ഷാ കേന്ദ്രങ്ങൾ ഫയർഫോഴ്സിന്റെ നേതൃത്തിൽ അണുവിമുക്തമാക്കുന്നതാണ്.
- പരീക്ഷാകേന്ദ്രത്തിൽ വിദ്യാർത്ഥികൾ പാലിക്കേണ്ട മുൻകരുതലുകൾ മാർഗനിർദ്ദേശങ്ങ ളായി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.
- തെർമൽ സ്കാനിംഗിൽ ഉയർന്ന താപനില സൂചിപ്പിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം സജ്ജമാക്കിയിരുന്ന റൂമുകളിലിരുത്തി പരീക്ഷ എഴുതിക്കുന്നതാണ്.

- അന്യസംസ്ഥാനക്കാരായ വിദ്യാർത്ഥികൾക്കും ക്വാറന്റയിനിൽ നിന്നെത്തുന്ന വിദ്യാർത്ഥികൾക്കും പ്രത്യേകം റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്.
- പരീക്ഷാകേന്ദ്രത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സാനിറ്റൈസർ, ഹാൻഡ് വാഷ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.
- ക്വാറന്റയിനിൽ നിന്നുള്ള കുട്ടികളും അന്യസംസ്ഥാനക്കാരായ കുട്ടികളും മറ്റുള്ള കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാതിരിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.
- വിദ്യാർത്ഥികളെ സാമൂഹിക അകലം പാലിച്ചുകൊണ്ട് പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കുന്നതിനും പുറത്തേക്കു പോകുന്നതിനുള്ള സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി സാമൂഹ്യസന്നദ്ധസേനാ പ്രവർത്തകരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ജില്ലകളിൽ നിന്നും, ക്വാറന്റയിനിൽ/അന്യസംസ്ഥാനം എന്നിവയിൽനിന്നും പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ അവശ്യഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി ജില്ലകളിലെ ലെയ്സൺ ഓഫീസർമാരുടെ ഫോൺ നമ്പർ അഡ്മിറ്റ് കാർഡിൽ ലഭ്യമാക്കിയിട്ടുണ്ട്.
- പരീക്ഷാ ദിവസം പരീക്ഷാ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും നല്ല തിരക്ക് അനുഭവപ്പെടാൻ സാധ്യതയുള്ളതിനാൽ പരീക്ഷാ കേന്ദ്രങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.
- വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കുന്നതിനായി കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസ് നടത്തുന്നതിനും പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്ക് വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം രാവിലെയും വൈകുന്നേരവും സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിനും കെ.എസ്.ആർ.ടി.സി സൗകര്യം ഒരുക്കുന്നതാണ്. കൂടാതെ **'bus on demand'** പദ്ധതിയും കെ.എസ്.ആർ.ടി.സി ഒരുക്കിയിട്ടുണ്ട്.
- വിദ്യാർത്ഥികൾ **'bus on demand'** പദ്ധതി പ്രകാരം ബസ് ബുക്കിംഗ് ചെയ്തിട്ടുണ്ടെങ്കിൽ സാമൂഹിക അകലം പാലിച്ച് ബസ്സിൽ കയറാൻ വേണ്ട സഹായം പോലീസ്, സന്നദ്ധപ്രവർത്തകർ എന്നിവർ നൽകുന്നതാണ്.
- ഓരോ പരീക്ഷാ കേന്ദ്രങ്ങളിലും ആരോഗ്യവകുപ്പിന്റെ മാനദണ്ഡപ്രകാരമുള്ള പ്രവർത്തനങ്ങൾ കർശനമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾനൽകിയിട്ടുണ്ട്.
- നിലവിൽ ക്വാറന്റയിൻ കാലാവധി കഴിഞ്ഞവരും ക്വാറന്റയിൻ കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവരും നിർബന്ധമായും പരീക്ഷയ്ക്കെത്തുന്നതിനു മുമ്പായി ആരോഗ്യപ്രവർത്തകരെ ബന്ധപ്പെട്ട് അവരവരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- സൂപ്പർ സ്പ്രെഡ് മേഖലകളിൽ നിന്നും പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾക്ക് സുരക്ഷിതമായി പരീക്ഷയെഴുതാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- രാവിലെയും ഉച്ചയ്ക്കുമായി പരീക്ഷ നടക്കുന്നതിനാൽ വിദ്യാർത്ഥികൾ വെള്ളം, ഉച്ചഭക്ഷണം എന്നിവ കയ്യിൽ കരുതേണ്ടതാണ്.
- ക്വാറന്റയിൻ/അന്യസംസ്ഥാനക്കാരായ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്രത്യേകം സീൽ ചെയ്താണ് സൂക്ഷിക്കപ്പെടുന്നത്. പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും പൂർണ്ണമായും അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കണം.
- മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച്, കാൽക്കുലേറ്റർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ യാതൊരു കാരണവശാലും പരീക്ഷാ ഹാളിൽ കൊണ്ടു വരാൻ പാടുള്ളതല്ല.

- സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി ആരോഗ്യ-തദ്ദേശ സ്വയംഭരണ, പോലീസ്, ഫയർഫോഴ്സ് തുടങ്ങി എല്ലാ വകുപ്പുകളുടെയും പൂർണ്ണമായ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കിയിട്ടുണ്ട്.
- പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും യാതൊരു ആശങ്കയുമില്ലാതെ അതാത് പരീക്ഷാകേന്ദ്രത്തിലേത്തി അധികൃതരുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പരീക്ഷയെഴുതാവുന്നതാണ്.
- രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും സംശയനിവാരണത്തിനായി കീം ഹെൽപ്പ് ലൈൻ നമ്പരായ 0471 2525300 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

Geetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**
**11.07.2020**